## പതിമൂന്നാം കേരള നിയമസഭ
### പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 571 10.03.2015-ലെ മറുപടിയ്ക്ക്

### പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള നികുതി .

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പ്രദീപ്കുമാർ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമാണവും വകുപ്പുമന്ത്രി) |
| (എ ) പെട്രോളിന്റെയും ഡീസലിന്റെയും ആഭ്യന്തര വില കൂട്ടാനുള്ള എണ്ണ കമ്പനികളുടെ തീരുമാനം സംസ്ഥാനത്ത് 2013-14, 2014-15 എന്നീ സാമ്പത്തിക വർഷത്തിൽ വിലയിലുണ്ടാക്കിയ വർദ്ധനവ് ലിറ്റർ ഒന്നിന് എത്ര രൂപ വീതമാണ്; | (എ) 2013-14, 2014-15 സാമ്പത്തിക വർഷങ്ങളിൽ പെട്രോളിന്റെയും ഡീസലിന്റെയും വിലയിലുണ്ടായ വർദ്ധനവ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) ജനങ്ങളുടെ മേൽ ഏല്പിച്ച ഈ വർദ്ധനവിന് ആനുപാതികമായ, സംസ്ഥാന നികുതി വേണ്ടെന്ന തീരുമാനം എടുത്തിട്ടുണ്ടോ; | (ബി) ഇല്ല |
| (സി) സംസ്ഥാന ഗവൺമെന്റ് ഈ വർഷം എത്ര തവണ പെട്രോളിന്റെയും ഡീസലിന്റെയും നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്; ഇപ്പോൾ അടയ്ക്കുന്ന നികുതി എത്ര ശതമാനമാണ്;വ്യക്തമാക്കുമോ; | (സി) ഈ സാമ്പത്തിക വർഷം 6 തവണ പെട്രോളിന്റെയും 5 തവണ ഡീസലിന്റെയും നികുതി വർദ്ധിപ്പിച്ചിട്ടുണ്ട്. പെട്രോളിന്റെ ഇപ്പോഴത്തെ നികുതി **31.8 %** വും ഡീസലിന്റെ നികുതി **24.52 %** വുമാണ്. |

| | |
|---|---|
| (ഡി) 2013-14, 2014-15 എന്നീ സാമ്പത്തിക വർഷത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം എത്ര കോടി രൂപ വീതമാണ്; വിശദമാക്കാമോ; | (ഡി) 2013-14, 2014-15 എന്നീ സാമ്പത്തിക വർഷത്തിൽ പെട്രോളിയം ഉല്പന്നങ്ങളുടെ മേലുള്ള നികുതി ഇനത്തിൽ സംസ്ഥാനത്തിന് ലഭിച്ച വരുമാനം **5158.64** കോടി രൂപയും 2014-15 വർഷത്തിൽ (28.02.2015 വരെ) ലഭിച്ച വരുമാനം **4738.27** കോടി രൂപയുമാണ്. |
| (ഇ) പ്രതിവർഷം പെട്രോളിയം ഉല്പന്നങ്ങളുടെ ഉപഭോഗത്തിന് എത്ര ശതമാനം കണ്ട് വർദ്ധന അനുഭവപ്പെടുന്നുണ്ട്; സ്ഥിതി വിവര കണക്കുകൾ ലഭ്യമാക്കുമോ? | (ഇ) പ്രതിവർഷം പെട്രോളിയം ഉല്പന്നങ്ങളുടെ ഉപഭോഗത്തിൽ **6.6%** വർദ്ധനവാണുണ്ടാകുന്നത്. |

സെക്ഷൻ ഓഫീസർ